(15) ആക്കുളം പ്രദേശത്തെ ഹൗസിംഗ് ബോർഡ് വക ഭൂമി തലസ്ഥാന വികസനത്തിനും പൊതുനന്മയ്ക്കും പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മോഹൻകുമാർ: സർ, ക്രാന്തദർശിയായ ഒരു ഭരണാധികാരിയുടെ സ്ഥലകാല സൗന്ദര്യ സങ്കൽപങ്ങൾക്കു മുമ്പാകെയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പൊതു ആവശ്യത്തിന് ഒരു തുണ്ട് ഭൂമിപോലും കിട്ടാത്ത തലസ്ഥാന നഗരത്തിൽ ആക്കുളം കായൽ അരികത്ത് അതിമനോഹരമായ ഹൗസിംഗ് ബോർഡ് വക 40 ഏക്കർ ഭൂമി 180 തുണ്ടുകളാക്കി ധനികരായ ആളുകൾക്ക് വിൽക്കാനുള്ള നീക്കം ഒഴിവാക്കി തലസ്ഥാന വികസനത്തിനും ടൂറിസം വ്യാപനത്തിനും അനുയോജ്യമായ ഇന്റർനാഷണൽ കോൺഫറൻസ് ഹാൾ, അമ്യൂസ്മെന്റ് പാർക്ക്, കളക്ടറേറ്റ് മന്ദിരം, ക്രിക്കറ്റ് സ്റ്റേഡിയം എന്നിവ റവന്യൂ വകുപ്പിന്റെയും ഹൗസിംഗ് ബോർഡിന്റേയും നിയന്ത്രണത്തിൽ ബഹുമാനപ്പെട്ട മാണി സാറിന്റെ നേതൃത്വത്തിൽ നിർമ്മിച്ച് പൊതു ജനങ്ങൾക്ക് ദീർഘകാലം പ്രയോജനം ചെയ്യുന്ന നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഹൗസിംഗ് ബോർഡ് ആക്കുളത്ത് നിർമ്മിക്കുന്നത് സാറ്റലൈറ്റ് ടൗൺഷിപ്പാണ്. എല്ലാവിധമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ശാസ്ത്രീയമായ ഈ ടൗൺഷിപ്പ് തിരുവനന്തപുരം സിറ്റിയുടെ വികസനത്തിന് വളരെയേറെ പ്രയോജനപ്പെടുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഭാവനാസുന്ദരമായ രീതിയിൽത്തന്നെയാണ് അത് നിർമ്മിക്കാൻ പോകുന്നത്.

IV പരാമർശം

പൊതുസ്വഭാവമുള്ള സർക്കാർ ഉത്തരവുകൾ കൃത്യമായി ലഭ്യമാക്കൽ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഒരു പൊതുപ്രാധാന്യമുള്ള വിഷയമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. G.O.(MS) G.O.(P) G.O.(Rt.) തുടങ്ങി പല വകുപ്പുകളിൽ നിന്നായി പല ഉത്തരവുകളും വന്നുകൊണ്ടിരിക്കുകയാണ്. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സ്ഥിരമായി കാര്യങ്ങൾ യഥാസമയം ജനപ്രതിനിധികൾക്ക് മനസ്സിലാക്കാൻ ഗവൺമെന്റ് ഉത്തരവുകൾ കൃത്യമായി ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇതിനെല്ലാം ഒരു പൊതു നമ്പരിട്ട് ലഭ്യമാക്കണം. ഇതിനുമുമ്പ് ഇറങ്ങിയിട്ടുള്ള ജി.ഒ.-കൾ നിയമസഭയിൽ റിപ്പോർട്ടായിട്ട് കൊടുത്തിരുന്നു. ജി. ഒ.-കൾ എം. എൽ. എ.-മാർക്ക് ഉൾപ്പെടെ മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ സമാഹരിച്ചുകൊടുക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇക്കാര്യം ഗവൺമെന്റുമായി ടേക്കപ്പ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly